# കേരള സർവകലാശാല

നം.പി.ആർ.28/2019 ഫോൺ: 2305738
9446173605

## പത്രക്കുറിപ്പ്

### പ്രാക്ടിക്കൽ

2018 ഡിസംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ് ബോട്ടണി, സൈക്കോളജി വിഷയങ്ങളുടെ പ്രാക്ടിക്കൽ യഥാക്രമം 2019 ഫെബ്രുവരി 11, 12 മുതൽ അതതു കോളേജുകളിൽ ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

2018 ഡിസംബറിൽ നടന്ന അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ് കെമിസ്ട്രി പ്രാക്ടിക്കൽ പരീക്ഷ 2019 ഫെബ്രുവരി 18 മുതൽ 22 വരെ അതതു കോളേജുകളിൽ വച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

2018 നവംബർ, ഡിസംബർ, 2019 ജനുവരി എന്നീ മാസങ്ങളിൽ നടത്തിയ ബി.എസ്.സി കമ്പ്യൂട്ടർ സയൻസ് ഒന്ന്, അഞ്ച്, മൂന്ന് സെമസ്റ്ററുകളുടെ പ്രാക്ടിക്കൽ 2019 ഫെബ്രുവരി 13 മുതൽ മാർച്ച് 13 വരെ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ് ബി.എ മ്യൂസിക് പ്രാക്ടിക്കൽ പരീക്ഷ 2019 ഫെബ്രുവരി 11 മുതൽ 22 വരെ അതതു കോളേജുകളിൽ വച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

### വൈവ – വോസി

വിദൂര വിദ്യാഭ്യാസ കേന്ദ്രം 2019 ഫെബ്രുവരി 14 ന് നടത്താനിരുന്ന എം.എ അറബിക് സപ്ലിമെന്ററി വൈവ – വോസി പരീക്ഷ 2019 ഫെബ്രുവരി 15 ന് രാവിലെ 11.00 മണി മുതൽ ഡിപ്പാർട്ട്മെന്റ് ഓഫ് അറബിക്, കാര്യവട്ടത്ത് വച്ചും എം.എ ഇംഗ്ലീഷ്, എം.എ ഇക്കണോമിക്സ് സപ്ലിമെന്ററി വൈവ – വോസി പരീക്ഷ 2019 ഫെബ്രുവരി 21 ന് രാവിലെ 10.00 മുതൽ സർവകലാശാലയുടെ പാളയത്തുള്ള എസ്.ഡി.ഇ കേന്ദ്രത്തിൽ വച്ചും നടത്തുന്നതാണ്.വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

വിദൂര വിദ്യാഭ്യാസ കേന്ദ്രം നടത്തുന്ന എം.എ പൊളിറ്റിക്കൽ സയൻസ് സപ്ലിമെന്ററി വൈവ – വോസി പരീക്ഷ 2019 ഫെബ്രുവരി 14 ന് ഉച്ചയ്ക്ക് 2.30 മുതൽ സർവകലാശാലയുടെ പാളയത്തുള്ള എസ്.ഡി.ഇ കേന്ദ്രത്തിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ

## ഓൺലൈൻ രജിസ്ട്രേഷൻ

യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാര്യവട്ടം ആറാം സെമസ്റ്റർ ബി.ടെക് ഡിഗ്രി പരീക്ഷ (2013 സ്കീം) ഫെബ്രുവരി 2019 (ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി, 2015 അഡ്മിഷൻ) ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. പിഴ കൂടാതെ 2019 ഫെബ്രുവരി 15 വരെയും 50 രൂപ പിഴയോടെ ഫെബ്രുവരി 18 വരെയും 125 രൂപ പിഴയോടെ ഫെബ്രുവരി 21 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫലം

2018 ആഗസ്റ്റിൽ നടത്തിയ നാലാം സെമസ്റ്റർ ബി.ടെക് (2013 സ്കീം) ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2019 ഫെബ്രുവരി 25 വരെ ഓൺലൈനായി അപേക്ഷിക്കാം. കരട് മാർക്ക് ലിസ്റ്റ് വെബ്സൈറ്റിൽ.

തിരുവനന്തപുരം.
06.02.2019

പബ്ലിക് റിലേഷൻസ് ഓഫീസർ


e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098